# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 658

06.02.2013-ൽ മറുപടിക്ക്

## ഭവന നിർമ്മാണ വായ്പ കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| ഭവന നിർമ്മാണ വായ്പ കുടിശ്ശികയുള്ള ദുർബല താഴ്ന്ന വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | 20.05.2009-ലെ ജി.ഒ (എം.എസ്) നം. 21/09/ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1977 മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ വായ്പയെടുത്ത ദുർബലവിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്. 08.11.2011-ലെ ജി.ഒ (എം.എസ്)നം. 34/2011/ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1996-ൽ ദുർബല വരുമാന വിഭാഗക്കാർക്കായി നടപ്പിലാക്കിയ മൈത്രീ ഭവനവായ്പാ പദ്ധതിപ്രകാരം പൂർണ്ണമായും ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വായ്പയും എഴുതിത്തള്ളുകയുണ്ടായി. സർക്കാർ സർക്കുലർ 7782/സി2/09/ഭവനം തീയതി 10.05.2010 പ്രകാരം നിർദ്ദേശിച്ചതനുസരിച്ച് എല്ലാ ജില്ലകളിലും അദാലത്ത് നടത്തി രോഗികളും, അശരണരുമായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. കൂടാതെ വ്യക്തിഗത സർക്കാർ ഉത്തരവുവഴിയും രോഗികളും, അശരണരുമായ ഗുണഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും കുടിശ്ശികത്തുക എഴുതിത്തള്ളുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ